**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1434** — 03.05.2017 ൽ മറുപടിക്ക്

## *സർക്കാർ വകുപ്പുകളിൽ ഇ-ഗവേർണൻസ്*

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം.സ്വരാജ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സർക്കാർ വകുപ്പുകളിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്ന നടപടികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റാ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ്, മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൽട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്. ഐ.ടി. വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായുള്ള പരിശീലനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>കൂടാതെ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരെ വെർച്ചൽ ഐ.ടി കേഡർ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. |
| ബി) ഏതെല്ലാം വകുപ്പിൽ ഈ നടപടി പൂർത്തിയായി എന്ന് അറിയിക്കാമോ; | (ബി) ഇ-ഗവേണൻസ് പൂർണ്ണമായ തോതിൽ നടപ്പാക്കിലാക്കിത്തീർന്ന വകുപ്പുകൾ ഇല്ല. എന്നാൽ എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗി |

ക്കുന്നുണ്ട്. വിവിധ വകുപ്പുകൾ അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് വഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നല്കാനും, അവരുമായി ആശയ വിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. അതു പോലെ ഇ-പ്രൊക്യൂർമെന്റ്, ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട് ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയതിനാൽ വളരെയധികം വകുപ്പുകൾ/ ഓഫീസുകൾ ഈ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അത് പോലെ തന്നെ ചില ഓഫീസുകൾ പേപ്പർരഹിത ഓഫീസുകളായി മാറിയിട്ടുണ്ട്. അവർ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നു.

| | | |
|---|---|---|
| സി) | എന്നത്തേക്ക് ഈ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ? | (സി) സാങ്കേതികവിദ്യയുടെ വികസനം ചലനാത്മകമായതുകൊണ്ട് ഇത് ഒരു തുടർ പ്രക്രിയയാണ്. |

സെക്ഷൻ ഓഫീസർ